LIBRARY ARCHIVES Kerala Legislative Assembly

## കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറി

88 (1051) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗ്രാമപഞ്ചായത്തിൽ ഇ.എസ്.ഐ. കോർപ്പറേഷന് സ്വന്തമായി എത്ര ഏക്കർ ഭൂമിയുണ്ട് ;

(ബി) ഈ സ്ഥലത്ത് ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് കെട്ടിടം പണിയുവാൻ അനുമതി നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ കെട്ടിടം പണി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ) കൊരട്ടി ഗ്രാമപഞ്ചായത്തിൽ ഇ.എസ്.ഐ. കോർപ്പറേഷന് സ്വന്തമായി 1.28 ഏക്കർ ഭൂമിയുണ്ട്.

(ബി) ഉണ്ട്.

(സി) കെട്ടിടത്തിന്റെ രൂപകല്പനയുടെ അനുമതി ന്യൂഡൽഹിയിലെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹെഡ്കാർട്ടേഴ്സിൽ നിന്ന് ലഭിക്കേണ്ടതുണ്ട്. അനുമതി എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ കോർപ്പറേഷനോട് ആവശ്യപ്പെടുന്നതാണ്.

## വ്യാജ കള്ളുനിർമ്മാണവും വിപണനവും തടയാൻ നടപടികൾ

89 (1052) ശ്രീ. എൻ. ശക്തൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. മുരളി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള അബ്കാരി നിയമത്തിൽ എന്തൊക്കെ ഭേദഗതികൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ബി) സംസ്ഥാനത്തെ വ്യാജ കള്ളുനിർമ്മാണവും വിപണനവും തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) ഇതിനായി അബ്കാരി നിയമത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വ്യാജമദ്യം കടത്തിയ വാഹനത്തിന്റെ ഉടമയെ പ്രതിയാക്കുന്നതിന്, 'വാഹന'ത്തെ അബ്കാരി ആക്ട് 64(എ) വകുപ്പിൽ ഉൾപ്പെടുത്തുന്നതിനും വ്യാജമദ്യ ദുരന്തത്തിനിരയായവർക്ക് സർക്കാരിൽ നിന്നും നൽകുന്ന ധനസഹായം, ദുരന്തത്തിന് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.